26 (*56) തൊഴിൽ നയം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തൊഴിൽ നയം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച് പുതിയ നിയമംകൊണ്ടു വരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ എവിടെവരെയായി എന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ വ്യവസായ തൊഴിലാളികളുടെ ജീവിത സൂചിക കണക്കാക്കുന്ന ഇന്നത്തെ സംവിധാനത്തിൽ കാതലായ മാറ്റം വേണമെന്ന അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ എന്ന് തുടങ്ങിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് നിലവിലിരിക്കുന്ന തൊഴിൽ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എന്തൊക്കെയാണ് മാറ്റങ്ങൾ എന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള):

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് ഒരു തൊഴിൽ നയം പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ സർക്കാർ ഇതിന്റെ കരടു നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉദ്യേശമുണ്ട്.

(ഡി) ട്രേഡ് യൂണിയനുകളുമായി പ്രാഥമിക ചർച്ചകൾ നടത്തി. വീണ്ടും അവരുമായി വിശദമായ ചർച്ചകൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്)കേരളത്തിൽ ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാന വർഷം 1970 ആധാരമാക്കിയാണ്. നിലവിൽ വ്യവസായ തൊഴിലാളികളുടെയും കാർഷിക തൊഴിലാളികളുടെയും മിനിമം വേജസ് ആക്ട് 1948 പ്രകാരം കൂലി ലഭിക്കുന്ന മറ്റു തൊഴിലാളികളുടേയും ക്ഷാമബത്ത കണക്കാക്കി വരുന്നത്. 1998-99 അടിസ്ഥാന വർഷമാക്കി സമഗ്രവും ഫലപ്രദവുമായ ഒരു ഫാമിലി ബജറ്റ് സർവ്വേ നടത്താൻ സർക്കാർ ബ്യൂറോ ഓഫ് എക്കണോമിക്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സാമ്പത്തിക സ്ഥിതി വിവരണ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ തൊഴിൽ, വ്യവസായം പൊതുവിതരണം എന്നീ വകുപ്പുതലവൻമാരും തൊഴിലാളി തൊഴിലുടമ പ്രതിനിധികളും ഉൾപ്പെടെ ഒരു ഉന്നതതലകമ്മിറ്റി ഫാമിലി ബജറ്റ് സർവ്വേ നടപ്പിലാക്കി കർമ്മ പരിപാടിക്ക് രൂപം നൽകുകയുണ്ടായി. 2000-മാണ്ട് ഏപ്രിൽ മാസത്തോടുകൂടി ഫാമിലി ബജറ്റ് സർവ്വേ പൂർണ്ണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രക്രിയകൾ പൂർത്തിയായാൽ വ്യാവസായിക കാർഷിക തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികൾക്ക് നിലവിൽ കിട്ടികൊണ്ടിരിക്കുന്നതിനെക്കാൾ മെച്ചപ്പെട്ട ക്ഷാമബത്ത ലഭിക്കുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) 1947 ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷനിൽ 2-ലും 2 എ(എ) യിലും 17-എ(എ)യിലും 31 സി(1)ലും, 33 ഡി-ലും ഭേദഗതി വരുത്തുന്നതിലേക്കായും 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിലെ വിവിധ വകുപ്പുകളുടെ ഭേദഗതി വരുത്തുന്നതിലേക്കായും നടപടികൾ സ്വീകരിച്ചു വരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

1 (167) ആദിവാസി കോളനികളിലെ ക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ആദിവാസി കോളനികളിലും വന്നിരുന്നവർക്ക് ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിക്കുന്ന ധനസഹായങ്ങളും ആനുകൂല്യങ്ങളും അവർക്ക് ഉദ്ദേശിക്കുന്നത്ര ഗുണം നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളനി നിവാസികളിൽ പലരും അലസതയ്ക്കും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരായി കാണുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ;

(സി) അവരെ കർമോൻമുഖമാക്കാനും മദ്യത്തിനും മയക്കുമരുന്നിനതിരെഅവരെ ബോധവാൻമാരാക്കാനും ഉള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) അത്തരം ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

(ബി) ചില അന്വേഷണങ്ങൾ നടന്നിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങൾ മുഖേനയും സന്നദ്ധ സംഘടനകളുടെയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഇവർക്കിടയിൽ പ്രവർത്തിച്ച് ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി ഓരോ ഊരിലും ഓരോ ആദിവാസി യുവതീയുവാക്കളെ സാമൂഹ്യപ്രവർത്തകരായി നിയമിച്ചുവരുന്നു.

2 (168) പിന്നോക്ക വികസന കോർപ്പറേഷന്റെ ജില്ലാതല ആഫീസുകൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ :

LIBRARY ARCHIVES Kerala Legislative Assembly